# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

# പത്രക്കുറിപ്പ്

**തീയതി: 19.07.2017**

### ഹരിതകേരളം : ഫോട്ടോ ആൽബം പ്രകാശനം ചെയ്തു

പ്രകൃതിയുമായി ഒരുമിക്കുവാൻ ഒത്തുച്ചേരൂ എന്ന് ആഹ്വാനം ചെയ്തുകൊണ്ട് വനംവകുപ്പ് പ്രസിദ്ധീകരിച്ച **'ഹരിതകേരളം'** ഫോട്ടോ ആൽബത്തിന്റെ പ്രകാശനം വനം-വന്യജീവി വകുപ്പുമന്ത്രി അഡ്വ. കെ. രാജു നിർവ്വഹിച്ചു. ലോക പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ നടന്ന വൈവിധ്യമാർന്ന പരിപാടികളുടെ ചിത്രങ്ങളും വിശദാംശങ്ങളും ഉൾക്കൊള്ളി ച്ചുകൊണ്ടാണ് ഫോട്ടോ ആൽബം തയ്യാറാക്കിയിട്ടുള്ളത്. വനം മന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ മുഖ്യവനപാലകനും ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സുമായ ഡോ.എസ്.സി. ജോഷി, ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ കെ.ജെ.വറുഗീസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നാഗേഷ് പ്രഭു, അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ എ.കെ. ധർണി, പ്രകൃതിശ്രീവാസ്തവ, രാജൻ സൈഗാൾ, മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ